"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ആർ. ശ്യാംകുമാരന് പ്രതിഫലം പറ്റാതെ മലയാള സിനിമകളിൽ ഗാനരചന നടത്തുവാൻ അനുവാദം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2239/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/11/2020

---

പരാമർശം:- 1 ശ്രീ.ആർ.ശ്യാം കുമാരന്റെ 22.07.2019 - ലെ അപേക്ഷ

2 പഞ്ചായത്ത് ഡയറക്ടറുടെ 30.09.2019-ലെ PAN/11599/2019-E1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീ. ആർ. ശ്യാംകുമാരന് സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിലെ ചട്ടം 48 പ്രകാരം ഔദ്യോഗിക് കൃത്യ നിർവഹണത്തിന് തടസ്സം വരാതെയും, പ്രതിഫലം കൈപ്പറ്റാതെയും മലയാള സിനിമകളിൽ ഗാനരചന നടത്തുന്നതിന് അനുവാദം നൽകണമെന്നാവശ്യപ്പെട്ട് പഴയന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ആർ. ശ്യാംകുമാരൻ സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960- ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പ്രൊവിസോ പ്രകാരം സർക്കാർ ജീവനക്കാർക്ക് ശാസ്ത്ര, കലാ-സാംസ്കാരിക, സാഹിത്യ, സാമൂഹിക രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും ഏർപ്പെടുന്നതിന് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ ഉതകുന്ന ചട്ടങ്ങളോ പൊതുഉത്തരവുകളോ നിലവിലില്ല. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയോടുകൂടി 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48(1) ന്റെ ആദ്യ പ്രൊവിസോ പ്രകാരം പ്രതിഫലം

കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സമില്ലാതെയും മലയാള സിനിമകളിൽ ഗാനരചന നടത്തുന്നതിന് പഴയന്നൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ആർ. ശ്യാംകുമാരന് അനുവാദം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. ആർ.ശ്യാം കുമാരൻ, സെക്രട്ടറി, പഴയന്നൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (12.06.2020 - ലെ ADV-B2/73/2020 നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.11.30 10:44 IST
Reason: Approved

സെക്ഷൻ ഓഫീസർ